**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ 2018 -19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ ആനുകൂല്യ വിതരണം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട ഉദ്ഘാടനം തുടങ്ങിയ പരിപാടികൾക്കായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.268/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,01/02/2020**

പരാമർശം:-1.കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03/04/2019 ലെ B2 8504/2018 നമ്പർ കത്ത്.

2..പഞ്ചായത്തു ഡയറക്ടറുടെ 01/07/2019 ലെ PAN/8265/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ 2018 -19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ് സി കുടിവെള്ള ടാങ്ക് വിതരണം, പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠന മേശ എന്നീ പ്രോജക്ടുകളുടെ ഗുണഭോക്തൃ ആനുകൂല്യ വിതരണം, കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട ഉദ്ഘാടനം തുടങ്ങിയ പരിപാടികൾക്കായി 65,000/-രൂപ ചെലവ് വന്നിട്ടുണ്ടെന്നും അതിൽ സംഭാവനയായി ലഭിച്ച 15,000/-രൂപ ഒഴിവാക്കി 50,000/-രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു. ടി നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ 2018 -19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ് സി കുടിവെള്ള ടാങ്ക് വിതരണം, പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠന മേശ എന്നീ പ്രോജക്ടുകളുടെ ഗുണഭോക്തൃ ആനുകൂല്യ വിതരണം, കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട ഉദ്ഘാടനം തുടങ്ങിയ പരിപാടികൾക്കായി 50,000/-രൂപ(അമ്പതിനായിരം രൂപ) പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി,കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.03 ...4:35 IST
Reason: Approved

സെക്ഷൻ ഓഫീസർ